## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 305** **07/08/2017 ൽ മറുപടി പറയേണ്ടിയിരുന്നത്**

### കിന്റർ ഗാർട്ടൻ പ്രവർത്തനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. വി കെ ഇബ്രാഹിം കുഞ്ഞ് | | | ആരോഗ്യ- വനിതാ-ശിശുവികസന വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ കിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിൽ ഏതൊക്കെ നിയന്ത്രണങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇത് നിലവിലുള്ള ഏത് നിയമപ്രകാരമാണ്; വിശദ വിവരം നൽകുമോ; | (എ), (ബി) & (സി) | സംസ്ഥാനത്തെ കിന്റർ ഗാർട്ടനുകളുടെ പ്രവർത്തനത്തിൽ സാമൂഹ്യ നീതി വകുപ്പ് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും സ്വീകരിച്ചു വരുന്നില്ല. എന്നാൽ എറണാകുളം പാലാരിവട്ടത്തുള്ള കളിവീട് എന്ന ഡെ കെയർ സ്ഥാപനത്തിലെ നടത്തിപ്പുകാരി ഒരു കൊച്ചു കുട്ടിയെ മർദ്ദിക്കുന്നതായ രംഗങ്ങൾ ദൃശ്യമാധ്യമങ്ങളിലൂടെ പുറത്തു വന്നതിനെ തുടർന്ന് 18 വയസിനു താഴെയുള്ള കുട്ടികളുടെ സംരക്ഷണം ഐസിപിഎസ് (സമഗ്ര ശിശു സംരക്ഷണ പദ്ധതി) പദ്ധതിയുടെ ഭാഗമായതിനാൽ ഇത്തരം ഡെ കെയർ സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഐസിപിഎസ് തലത്തിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. സ്വകാര്യ കിന്റർ ഗാർട്ടൻ സ്ഥാപനങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്ന് കാണിച്ച് സാമൂഹ്യ നീതി വകുപ്പിൽ നിന്നും സർക്കുലറോ, ഉത്തരവുകളോ പുറപ്പെടുവിപ്പിച്ചിട്ടില്ല. |
| (ബി) | ഇത്തരം സ്വകാര്യ കിന്റർ ഗാർട്ടനുകളിൽ കുട്ടികളോട് കാട്ടുന്ന ക്രൂരതയ്ക്ക് കടിഞ്ഞാണിടുന്നതിന് എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; ഇതനുസരിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തല്ലാം; | | |
| (സി) | ഇത്തരം സ്ഥാപനങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കണമെന്ന് കാണിച്ച് ഏതെങ്കിലും സർക്കുലറോ, ഉത്തരവുകളോ പുറപ്പെടുവിപ്പിച്ചിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | | |
| (ഡി) | ഇക്കാര്യത്തിൽ പോലീസ് അധികാരികൾക്ക് എന്തെങ്കിലും അധികാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | | നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പൽന സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രഷുകൾ മാത്രമാണ് വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ വരുന്നത്. സ്വകാര്യമേഖലയിലെ കിന്റർ ഗാർട്ടനുകളുടെ പ്രവർത്തനം/ നിയന്ത്രണം/ നിരീക്ഷണം തുടങ്ങിയ കാര്യങ്ങളിൽ പോലീസിനു അധികാരം നൽകുന്നതു സംബന്ധിച്ച നിർദ്ദേശമൊന്നും ഈ വകുപ്പിൽ നിന്നും നൽകിയിട്ടില്ല. 30.01.2023 ലെ സ.ഉ. (എം എസ്) 14/2023 -പൊഭവ ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം കിന്റർ ഗാർട്ടൻ, ഡെ കെയർ മുതലായ സ്ഥാപനങ്ങൾ നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാണ്. |

സെക്ഷൻ ഓഫീസർ